# കേരള സംസ്ഥാന സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ,ജഗതി,തൈക്കാട് പി.ഒ,തിരുവനന്തപുരം - 695014

ഫോൺ : 0471 2468690, 2468670.

Website: www.keralacseb.kerala.gov.in, E-mail: secratery.cseb@kerala.gov.in,


## അറിയിപ്പ്

## സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ഒറ്റതവണ രജിസ്ട്രേഷൻ (One Time Registration) ആരംഭിച്ചു.

വിവിധ സഹകരണ സംഘം/ബാങ്കുകളിലെ ഒഴിവുള്ള തസ്തികകളിലെ നിയമനങ്ങൾക്ക് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് അനുസൃതമായി അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഒറ്റതവണ രജിസ്ട്രേഷൻ **(One Time Registration)** നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി.

07/11/2023 മുതൽ പരീക്ഷാ ബോർഡിന്റെ www.cseb.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി ഉദ്യോഗാർത്ഥികൾക്ക് ഒറ്റതവണ രജിസ്ട്രേഷൻ **(One Time Registration)** നടത്തുവാൻ സാധിക്കുന്നതാണ്. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിനുള്ള പ്രാരംഭ നടപടിയുടെ ഭാഗമായിട്ടാണ് ഇപ്പോൾ ഒറ്റതവണ രജിസ്ട്രേഷൻ **(One Time Registration)** ആരംഭിക്കുന്നത്. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് നടത്തുന്ന വിവിധ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളും ഈ ഒറ്റതവണ രജിസ്ട്രേഷൻ **(One Time Registration)** നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
06.11.2023

സെക്രട്ടറി
സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്
തിരുവനന്തപുരം.